**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1109** **29-06-2026-ൽ മറുപടിയ്ക്ക്**

**തളിപ്പറമ്പ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** തളിപ്പറമ്പ മണ്ഡലത്തിലെ മാണിയൂർ വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി പണിയുന്ന ഓഫീസ് കെട്ടിടത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിൽ എത്തി എന്നും എപ്പോൾ ഉദ്ഘാടനത്തിനായി തയ്യാറാകുമെന്നും അറിയിക്കാമോ;

**മറുപടി:** തളിപ്പറമ്പ് മാണിയൂർ വില്ലേജ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിക്കുന്ന നിയോജകമണ്ഡലത്തിലെ ഓഫീസ് കെട്ടിടനിർമ്മാണത്തിന്റെ പ്ലാസ്റ്ററിംഗ് പ്രവൃത്തി നടന്നു വരുന്നു. 2026 ആഗസ്റ്റ് മാസത്തോടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(ബി)** പ്രസ്തുത മണ്ഡലത്തിലെ എത്ര വില്ലേജ് ഓഫീസുകൾക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പണിതിട്ടുണ്ടെന്ന് അവയുടെ പേര് സഹിതം അറിയിക്കാമോ; അവശേഷിക്കുന്ന വില്ലേജ് ഓഫീസുകൾ ഏതെന്നും അവയെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പണിയാൻ തുക അനുവദിക്കുമോ എന്നും അറിയിക്കാമോ; വ്യക്തമാക്കുമോ?

**മറുപടി:** തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ മലപ്പട്ടം, മൊറാഴ, കുവേരി എന്നീ 3 വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും കുറ്റേരി, പട്ടുവം വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നതുമാണ്. കൂടാതെ, 2025-26 സാമ്പത്തികവർഷത്തിൽ കുറുമാത്തൂർ വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിനായി ഭരണാനുമതി നല്കിയിട്ടുള്ളതുമാണ്. മയ്യിൽ, കയരളം, കുറ്റ്യാട്ടൂർ, ചേലേരി, തളിപ്പറമ്പ്, ആന്തൂർ, പന്നിയൂർ എന്നീ വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുവാൻ ബാക്കിയുള്ളത്. സ്ഥല ലഭ്യതയും ഫണ്ട് ലഭ്യതയും വിധേയമായി ശോച്യാവസ്ഥയിലായ വില്ലേജ് ഓഫീസുകൾ മുൻഗണാക്രമത്തിൽ സ്മാർട്ട് ആക്കുന്ന കാര്യം പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**